## സാമ്പത്തിക ഞെരുക്കത്തിലാണെന്നതിന് തെളിവില്ല: ഡാമേജസ് പകുതിയായി കുറച്ചത് റദ്ദാക്കി

## ബോംബെ ഹൈക്കോടതി

W.A. No. 1198/2014 Dt. 13.3.2018

റീജണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ

x

ആലമ്പള്ളി ബ്രദേഴ്സ് ലിമിറ്റഡ്

ഇ.പി.എഫ്. നിയമം ബാധകമായ വ്യവസായ സ്ഥാപനം ആദ്യ കാലങ്ങളിൽ വിഹിതം കൃത്യമായി അടച്ചിരുന്നു. കുറച്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ സ്ഥാപനം നഷ്ടത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. 1991-ൽ സ്ഥാപനം പീഡിത വ്യവസായമായി പ്രഖ്യാപിക്കപ്പെട്ടു. അപ്രകാരമിരിക്കെ 1996-'97 കാലത്ത് വിഹിതമടക്കുന്നതിന് കാലതാമസം നേരിട്ടു. സാമ്പത്തിക ഞെരുക്കം കാരണമാണ് കാലതാമസം വരാനിടയായത്. വിഹിതമടച്ചു കഴിഞ്ഞ ഉടനെ ഡാമേജസ് ചുമത്തിക്കൊണ്ട് ഇ.പി.എഫ്. കമ്മീഷണർ ഉത്തരവിട്ടു. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ സമർപ്പിച്ചു. സ്ഥാപനം 1996-'97-ൽ സാമ്പത്തിക ഞെരുക്കത്തിലായിരുന്നുവെന്നതിന് യാതൊരു തെളിവുമില്ലെന്ന് ചൂണ്ടിക്കാട്ടിയ ട്രൈബ്യൂണൽ ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ശരിവച്ചു. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സ്ഥാപനത്തിന്റെ വാദങ്ങൾ അംഗീകരിച്ച സിംഗിൾ ബഞ്ച് ഡാമേജസ് പകുതിയായി കുറച്ചു. ഇതിനെതിരെ ഇ.പി.എഫ്. കമ്മീഷണർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. സാമ്പത്തിക ഞെരുക്കം തെളിയിക്കാൻ രേഖകളില്ലാതിരിക്കെ സ്ഥാപനത്തെ പീഡിത വ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന കാരണത്താൽ മാത്രം ഡാമേജസ് ഇളവ് ചെയ്തത് തെറ്റായ തീരുമാനമാണെന്നു വിലയിരുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി റദ്ദാക്കുകയും ട്രൈബ്യൂണലിന്റെ വിധിയും ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവും ശരിവയ്ക്കുകയും ചെയ്തു.